**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1319** **06-02-2020 ൽ മറുപടിക്ക്**

**കിഴക്കേക്കോട്ടയിലെ കയ്യേറിയ സ്ഥലം ഒഴിപ്പിക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കിഴക്കേക്കോട്ടയിലെ കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലം ഒഴിപ്പിച്ചെടുക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന ആവശ്യം പ്രമുഖ രാഷ്ട്രീയ കക്ഷികളാരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഇല്ല. |
| (ബി) ഇല്ലെങ്കിൽ പതിനാലാം കേരള നിയമസഭയിൽ വിവിധ സമ്മേളനങ്ങളിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയ ഈ സ്ഥലത്തെ കയ്യേറ്റം ഒഴിപ്പിക്കുന്ന വിഷയം ഉന്നയിച്ചിട്ടും ഒഴിപ്പിക്കൽ യാഥാർത്ഥ്യമാക്കാതിരിക്കുന്നതിനും ഒഴിപ്പിക്കൽ പ്രക്രിയ നീട്ടിക്കൊണ്ട് പോകുന്നതിനുമുള്ള യഥാർത്ഥ കാരണം വ്യക്തമാക്കുമോ; | (ബി) | വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തിലെ 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം പുനരധിവാസ പ്രക്രിയകൾ പുരോഗമിച്ചുവരുന്നതും പ്രസ്തുത പുനരധിവാസം പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ കൈയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്. |
| (സി) ഇക്കാര്യത്തിൽ ഉറപ്പുകൾ നൽകുന്നതിലുപരിയായി ആവശ്യമായ പ്രാവർത്തിക നടപടികൾ സ്വീകരിക്കുമോ? | (സി) | പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കൈയ്യേറ്റം പൂർണ്ണതോതിൽ ഒഴിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**